## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:780 | 23/07/2012 - ൽ മറുപടിക്ക്

## മത്സ്യവിഹാര പ്രജനന പ്രദേശങ്ങൾ സംരക്ഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.അജിത്:<br>,, വി.എസ്. സുനിൽ കുമാർ:<br>,, കെ.രാജു:<br>ശ്രീമതി. ഇ.എസ്. ബിജിമോൾ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യവിഹാര പ്രജനന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. മത്സ്യ പ്രജനനത്തിനും സംരക്ഷണത്തിനും പരിപോഷണത്തിനും വേണ്ടി, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ തെക്കൻ തീരക്കടലിൽ (പുതിയതുറ, കരുംകുളം, പൂവാർ എന്നീ മത്സ്യഗ്രാമങ്ങളിൽ) 300 കൃത്രിമപാര് മോഡ്യൂളുകൾ സ്ഥാപിക്കുന്നതിനായി 57 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 240 മോഡ്യൂളുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും അവയിൽ 120 എണ്ണം കടലിൽ നിക്ഷേപിക്കുകയും ചെയ്തു കഴിഞ്ഞു.<br>വെള്ളായണി കായലിന്റെ ജൈവ വൈവിധ്യവും സന്തുലിതാവസ്ഥയും നിലനിർത്തിക്കൊണ്ട് കായൽ സംരക്ഷണവും അതുവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിച്ചുകൊണ്ട് |

കായലിനെ ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് പരിസ്ഥിതി വകുപ്പിന്റെ ധനസഹായത്തോടെ 'വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും, മത്സ്യത്തൊഴിലാളി ഉപജീവനം മെച്ചപ്പെടുത്തലും' എന്ന പദ്ധതി അഡാക്ക് മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി മത്സ്യസമ്പത്ത് സംരക്ഷി ക്കുന്നതിനായി കായലിലെ 5 ഹെക്ടറോളം വിസ്തൃതി മുള കൊണ്ട് തിരിച്ച് മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ മത്സ്യസങ്കേതം സ്ഥാപിച്ച് മത്സ്യബന്ധന നിരോധിത മേഖലയാക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു.

ഉൾനാടൻ മത്സ്യ പ്രജനന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ച് ഫിർമ മുഖേന നടപ്പിലാക്കി വരുന്നു. ശാസ്താംകോട്ട കായൽ, പെരിയാർ, ഇരട്ടിപ്പുഴ എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കി. പമ്പയാർ (ബുധനൂർ, ആലപ്പുഴ ജില്ല) ചാലിയാർ (ഇടവണ്ണ, മലപ്പുറം ജില്ല) നീലേശ്വരം പുഴ (മടിക്കൈ, കാസർഗോഡ് ജില്ല) എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയും മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്ന

പദ്ധതി ഫിർമ മുഖേന നടപ്പിലാക്കുന്നുണ്ട്.

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് - കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി 3 വർഷം കൊണ്ട് നടപ്പിലാക്കുന്ന 19.70 കോടി രൂപയുടെ പദ്ധതിയിൽ കുട്ടനാട് മേഖലയിൽ 32 ലക്ഷം രൂപ മുതൽ മുടക്കി 5 മത്സ്യ സംരക്ഷിത മേഖലകൾ സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു.

(ബി) ജല മലിനീകരണം തടഞ്ഞ് പ്രകൃതി സംതുലനാവസ്ഥ നിലനിർത്തി മത്സ്യ ഉൽപ്പാദന വർദ്ധനവുണ്ടാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) ജല മലിനീകരണം തടയുന്നതിന് ഫിഷറീസ് വകുപ്പ് നിലവിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. പ്രകൃതി സന്തുലിതാവസ്ഥ നിലനിർത്തി മത്സ്യ ഉല്പാദന വർദ്ധനവുണ്ടാക്കുന്നതിന് വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും, മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതി 2009-10 മുതൽ അഡാക്ക് മുഖേന നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ